# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.509/PR/PIC/PHQ/15 Date :04.08.2015

---

## ബ്ലെയ്ഡ് മാഫിയക്കെതിരെ നടപടി: ഒരാൾ അറസ്റ്റിൽ

അമിത പലിശക്കാർക്കും ബ്ലെയ്ഡ് മാഫിയക്കുമെതിരെയുള്ള നടപടികളുടെ ഭാഗമായി ശനിയാഴ്ച (01.08.2015) രാവിലെ ആറു മുതൽ ചൊവ്വാഴ്ച രാവിലെ ആറു വരെ നടന്ന റെയ്ഡിലായി മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തു. ഇതേതുടർന്ന് ഒരാൾ പോലീസ് പിടിയിലായി.

ഇതോടെ ഇതുവരെയായി അമിതപലിശക്കാർക്കെതിരെ 3182 കേസുകൾ ആകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2120-പേർ പിടിയിലായി. പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

*************